# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി V

## (SUBJECT COMMITTEE V)

## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും

**(PUBLIC WORKS, TRANSPORT AND COMMUNICATIONS)**

**2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ**
**പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**Report of Action Taken on the First Report on the**
**Scrutiny of Demands for Grants (2011-12)**

2012 ജൂലൈ 24-ാം തീയതി സമർപ്പിച്ചത്

(Presented on 24th July, 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി V

# (SUBJECT COMMITTEE V)

## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും

## (PUBLIC WORKS, TRANSPORT AND COMMUNICATIONS)

**2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**Report of Action taken on the First Report on the Scrutiny of Demands for Grants (2011-12)**

1102/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി V

## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും
(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, മരാമത്ത് വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. ആര്യാടൻ മുഹമ്മദ്, ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു, എക്സൈസും തുറമുഖവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

* ,, ബെന്നി ബെഹനാൻ

,, ജോസ് തെറ്റയിൽ

,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീമതി കെ. കെ. ലതിക

ശ്രീ. കെ. മുരളീധരൻ

,, കെ. രാജു

,, സി. എഫ്. തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി.

---

* 27-6-2012-ലെ 226-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം ശ്രീ. ബെന്നി ബെഹനാനെ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ലെ അംഗമായി നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

# അവതാരിക

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ ചെയർമാനായ ഞാൻ, 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച്, ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ 2011-12 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ പൊതുമരാമത്ത്, ഗതാഗതം, തുറമുഖം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തരനടപടികൾ ഈ റിപ്പോർട്ടിൽ ഒന്നാം ഭാഗമായും മറുപടി ലഭിക്കാനുള്ള ശുപാർശകൾ രണ്ടാം ഭാഗമായും ഉൾപ്പെടുത്തിയിരിക്കുന്നു.

2012 ജൂലൈ 17-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി V.*

തിരുവനന്തപുരം,
2012 ജൂലൈ 17.

# റിപ്പോർട്ട്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്ന റിപ്പോർട്ടാണിത്.

സമിതിയുടെ 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 22-8-2011-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും 26-9-2011-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു. ഇതിൽ വാഹനനികുതികൾ, പൊതുമരാമത്ത്, തുറമുഖം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച ശുപാർശകൾക്ക് നാളിതു വരെ ലഭ്യമായ മറുപടികൾ 18-1-2012, 12-6-2012, 17-7-2012 എന്നീ തീയതികളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## ഭാഗം I

### സമിതിയുടെ ശുപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

## ധനാഭ്യർത്ഥന നമ്പർ IX—വാഹന നികുതികൾ

### ശുപാർശ നമ്പർ 1

2041-00-001-99-04—വാഹന നികുതികൾ

ഭരണ ചെലവുകൾ-യാത്രാ ചെലവുകൾ

മോട്ടോർ വാഹനവകുപ്പിലെ ജീവനക്കാരുടെ യാത്രാ ചെലവുകൾക്കായി 8.78 ലക്ഷം രൂപയാണ് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ, നവീകരണ പ്രവർത്തനങ്ങൾ എന്നിവയുടെ ഭാഗമായി ഉദ്യോഗസ്ഥർക്ക് അന്യസംസ്ഥാനങ്ങളിൽ പരിശീലനം ലഭ്യമാക്കുന്നതിനും മേഖലാ ഓഫീസുകളിലേയും ആസ്ഥാന ഓഫീസുകളിലേയും പരിശോധന വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനും കൂടാതെ വകുപ്പിലെ യാത്രാചെലവുകൾക്കും ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ മൊത്തം 11 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം 8.78 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 4.11 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

ശുപാർശ നമ്പർ 2

2041-00-001-99-05—ഓഫീസ് ചെലവുകൾ (4)
മറ്റിനങ്ങൾ

മോട്ടോർ വാഹന വകുപ്പിലെ ഓഫീസുകളുടെ പ്രവർത്തന ചെലവിലേക്കായി ഈ സാമ്പത്തിക വർഷം 1.4378 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ മറ്റിനങ്ങൾ എന്ന ഇനത്തിൽ 78 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടാക്സ് ടോക്കൺ, സുരക്ഷാ കോഡുകൾ ഉൾപ്പെടുത്തി പ്രത്യേകമായി അച്ചടിക്കുന്ന രസീതുകളുടെ പ്രിന്റിംഗ് ചാർജ്, ഫർണിച്ചറുകൾ, സർവ്വീസ് പോസ്റ്റേജ് സ്റ്റാമ്പ് എന്നിവ വാങ്ങാനുള്ള തുക ഈ ഇനത്തിലാണ് ഉൾപ്പെടുന്നത്. ആയതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 78 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ തുക ഒരു കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം 78 ലക്ഷം രൂപയാണ്. ഇതിൽ 72.3 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ഇനിയും ചില ഓഫീസുകളിൽ വലിയ തുക കുടിശ്ശിക നൽകാനുണ്ട്. അധികരിച്ച ഈ ചെലവ് നിർവ്വഹിക്കുന്നതിനുവേണ്ടി 10.4 ലക്ഷം രൂപ റീഅപ്രോപ്രിയേഷനിലൂടെ ലഭിച്ചിട്ടുണ്ട്. അങ്ങനെ ആകെ ബഡ്ജറ്റ് വിഹിതം 88.4 ലക്ഷം രൂപയാണ്.

ശുപാർശ നമ്പർ 3

2041-00-102-99-06—മോട്ടോർ വാഹനങ്ങളുടെ പരിശോധന വാടക, കരം, നികുതി

സ്വകാര്യ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടേയും ചെക്ക് പോസ്റ്റുകളുടേയും വാടകയിനത്തിൽ വേണ്ടിവരുന്ന തുകയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വകുപ്പിൽ 38 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും 13 മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളും വാടക കെട്ടിടങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന 30 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ തുക 35 ലക്ഷം രൂപ ആയി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം 30 ലക്ഷം രൂപയായിരുന്നു. ഇതിൽ ഇതുവരെ 21.36 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

ശുപാർശ നമ്പർ 4

2041-00-102-99-21—മോട്ടോർ വാഹനങ്ങൾ—2
സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ ഇനത്തിൽ 9.40 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ശീർഷകത്തിലേക്ക് 13 ലക്ഷം രൂപ ആയി വർദ്ധിപ്പിച്ച് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം 9.40 ലക്ഷം രൂപയായിരുന്നു. ഇതിൽ 8.97 ലക്ഷം രൂപയും ഇതുവരെ ചെലവുവന്നിട്ടുണ്ട്. അധികരിച്ച ചെലവ് നിർവ്വഹിക്കുന്നതിന് ഈ തുക അപര്യാപ്തമായതിനാൽ റീഅപ്രോപ്രിയേഷനിലൂടെ 7 ലക്ഷം രൂപ അധികമായി കണ്ടെത്തിയിട്ടുണ്ട്. അങ്ങനെ ആകെ ബഡ്ജറ്റ് വിഹിതം 16.40 ലക്ഷം രൂപയാണ്.

ശുപാർശ നമ്പർ 5

2041-00-102-99-45—പി.ഒ.എൽ.

നടപ്പ് സാമ്പത്തിക വർഷത്തിൽ പുതുതായി 11 വാഹനങ്ങൾ വാങ്ങിയതിനാലും ഇന്ധനവിലയിൽ സമീപകാലത്തുണ്ടായ വർദ്ധനവ് കാരണവും വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന 37.95 ലക്ഷം രൂപ അപര്യാപ്തമാകയാൽ പ്രസ്തുത ശീർഷകത്തിൽ മൊത്തം 42 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം 37.95 ലക്ഷം രൂപയായിരുന്നു. ഇതിൽ 34.25 ലക്ഷം രൂപയും ഇതുവരെ ചെലവുവന്നിട്ടുണ്ട്. അധികരിച്ച ചെലവ് നിർവ്വഹിക്കുന്നതിന് ഈ തുക അപര്യാപ്തമായതിനാൽ റീഅപ്രോപ്രിയേഷനിലൂടെ 7 ലക്ഷം രൂപ അധികമായി കണ്ടെത്തിയിട്ടുണ്ട്. അങ്ങനെ ആകെ ബഡ്ജറ്റ് വിഹിതം 40.95 ലക്ഷം രൂപയാണ്.

## പൊതുമരാമത്ത്

ശുപാർശ നമ്പർ 6

2059-01-051—ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തേക്ക് 1.825 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 2.575 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല

<u>ശുപാർശ നമ്പർ 7</u>

2059-01-053—<u>ഓഫീസ് കെട്ടിടങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 35.14 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 21.36 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

<u>ശുപാർശ നമ്പർ 8</u>

2059-60-051—<u>മറ്റ് കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

നീതിന്യായ നിർവ്വഹണം, ഭൂനികുതി രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ മറ്റു കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും വി.ഐ.പി. വിസിറ്റിന് ആവശ്യം വരുന്ന തുകയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 4.14 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. <u>ഈ ശീർഷകത്തിൽ 4.94 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

<u>ശുപാർശ നമ്പർ 9</u>

2059-60-053—<u>മറ്റ് കെട്ടിടങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ മറ്റു കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 76.25 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 52.972 കോടി രൂപയാണ് അനുവദിച്ചത്. <u>ആയതിനാൽ ബാക്കി 23.278 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

### ശുപാർശ നമ്പർ 10

2059-80-001-99—ഭരണവും നടത്തിപ്പും

പ്രസ്തുത ശീർഷകത്തിൽ വാഹനം വാങ്ങുന്നതിനുവേണ്ടി യാതൊരു തുകയും വകയിരുത്തിയിരുന്നില്ല. ആയതിനാൽ 14 വാഹനങ്ങൾക്കുവേണ്ടി 85 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

### ശുപാർശ നമ്പർ 11

2059-80-001-98—മേൽനോട്ടം

പ്രസ്തുത ശീർഷകത്തിൽ 15 വർഷങ്ങൾ പഴക്കമുള്ള വാഹനങ്ങൾക്കുപകരം പുതിയവ വാങ്ങുന്നതിന് മതിയായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

### ശുപാർശ നമ്പർ 12

2059-80-001-97—നിർവ്വഹണം

സൈറ്റ് ഇൻസ്പെക്ഷൻ, വർക് സൂപ്പർവിഷൻ എന്നിവ ഫലപ്രദമാക്കുന്നതിന് 26 സബ് ഡിവിഷനുകൾക്ക് വാഹനം അനുവദിക്കുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 1.30 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

### ശുപാർശ നമ്പർ 13

2059-80-052—യന്ത്രോപകരണങ്ങൾ

പുതിയ സപ്ലൈകൾ, വാഹനങ്ങൾ, അറ്റകുറ്റപ്പണികൾ എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 42.50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 10.01 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രസ്തുത തുക പര്യാപ്തമല്ലാത്തതിനാൽ ബാക്കി 32.49 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 14

2059-80-053—സംരക്ഷണവും അറ്റകുറ്റപ്പണികളും

കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും രാജ്ഭവൻ സജ്ജീകരിക്കലും, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, സെക്രട്ടേറിയറ്റിന്റെ സംരക്ഷണം എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 29.25 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും ഈ ഇനത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 20.27 കോടി രൂപയ്ക്ക് പുറമേ 8.98 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 15

2059-80-800—മറ്റ് ചെലവുകൾ

'മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും നടപ്പു സാമ്പത്തിക വർഷത്തേക്ക് 1.02 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുളളത്. ന്യൂഡൽഹി കേരള ഹൗസിലെ പണികൾ ചെയ്തു തീർക്കാനുള്ളതിനാൽ 2 കോടി രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 16

3054-01-001-99—ഭരണവും നടത്തിപ്പും ചീഫ് എഞ്ചിനീയർ നാഷണൽ ഹൈവേ

ചീഫ് എഞ്ചിനീയർ നാഷണൽ ഹൈവേ ഓഫീസിലെ ജീവനക്കാരുടെ വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് നിർവ്വഹിക്കുന്നത്. ഇതിൽ ഓഫീസ് ചെലവ്-പി.ഒ.എൽ. 45 എന്ന ഇനത്തിൽ 1,50,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 17

3054-01-001-98—മേൽനോട്ടവും നിർവ്വഹണവും

ദേശീയ പാതകളുടെ നീളത്തിലും എണ്ണത്തിലും വർദ്ധനവ് വന്നതിനാൽ വിവിധതരം പരിശോധനകൾക്കും അടിയന്തിര ആവശ്യങ്ങൾക്കുമായി ഡിവിഷണൽ

എഞ്ചിനീയർമാർ കൂടുതൽ യാത്ര ചെയ്യേണ്ടതായിവരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 36.4444 കോടി രൂപയ്ക്ക് പുറമേ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി.ഒ.എൽ. മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് എന്നീ ഇനങ്ങളിൽ യഥാക്രമം 1.50 ലക്ഷം, 2.38 ലക്ഷം, 1.60 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 18

3054-01-104-05—മറ്റ് ചെലവ് നാഷണൽ ഹൈവേ

നാഷണൽ ഹൈവേ അർബൻ ലിങ്കുകളുടെ സംരക്ഷണത്തിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന .01 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത തുക 1 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തുകയൊന്നും ചെലവായില്ല.

ശുപാർശ നമ്പർ 19

3054-01-800-99—മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേകളുടെ സംരക്ഷണത്തിന് അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ പ്രസ്തുത തുക 1 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 20

3054-03-337-99—റോഡുകളും പാലങ്ങളും സാധാരണ അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്ന ഈ ഹെഡിൽ (വോട്ടഡ്) ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക ആയ 90 കോടി രൂപ തീരെ അപര്യാപ്തമായതിനാൽ 336.56 കോടി രൂപ മൊത്തം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 21

3054-03-337-98—ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്ന ഈ ഹെഡിൽ (വോട്ടഡ്) ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയായ 90 കോടി രൂപ അപര്യാപ്തമായതിനാൽ മൊത്തം 631.05 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 22

3054-03-337-97—ഗതാഗത സൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ

പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പ്രത്യേക അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയായ 42.02 കോടി രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് മൊത്തം 193.52 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 23

3054-03-337-96—വെള്ളപ്പൊക്കക്കെടുതികളുടെ അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് റോഡുകളിൽ വെള്ളപ്പൊക്ക കെടുതികളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 14.08 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഹെഡിൽ മൊത്തം 193.52 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 24

3054-03-337-95—വിശിഷ്ടാതിഥികളുടെ സന്ദർശനവുമായി ബന്ധപ്പെട്ട പണികൾ

വിശിഷ്ടാതിഥികളുടെ സന്ദർശനം റിപ്പബ്ലിക്/സ്വാതന്ത്ര്യദിനാചരണം എന്നിവ സംബന്ധിച്ചുള്ള പണികൾക്കുവേണ്ടി ഈ സാമ്പത്തിക വർഷം 5 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 25

3054-03-337-94—നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളിലെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷ കത്തിൽ 2011-12 സാമ്പത്തിക വർഷം 3 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷക ത്തിൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 26

3054-05-102-99—സി.ആർ.എഫ്. പാലങ്ങൾ

നാഷണൽ ഹൈവേയുടെകീഴിൽവരുന്ന ആഴൂർക്കടവ് പാലത്തിന്റെ നിർമ്മാണവു മായി ബന്ധപ്പെട്ട ഈ ശീർഷകത്തിൽ പുതിയ പാലങ്ങളുടെ നിർമ്മാണം ഉൾക്കൊള്ളി ക്കേണ്ടതുണ്ട്. തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 27

3054-05-337-99—സി.ആർ.എഫ്. റോഡുകൾ സാധാരണ വിഹിതം

നാഷണൽ ഹൈവേയുടെ കീഴിൽവരുന്ന റോഡുകൾ കടപ്ര-വീയപുരം എന്നീ റോഡുകൾ മറ്റു റോഡുകൾ എന്നിവയുടെ പണികൾക്കായി ഈ ശീർഷകത്തിൽ തുക യൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 100 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 28

3054-05-800-99—സി.ആർ.എഫ്. റോഡുകളും പാലങ്ങളും

കരമന-പൂജപ്പുര-കാട്ടാക്കട-മണ്ഡപത്തിൻകടവ് റോഡ് പുനരുദ്ധാരണം അമരവിള-വെള്ളറട-പാറശ്ശാല മുതലായ റോഡുപണികൾക്കായി ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 29

3054-80-001-99—റോഡുകളും പാലങ്ങളും (ഭരണവും നടത്തിപ്പും)

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുകയും കൂടാതെ ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള ഓഫീസുകളിലേക്ക് അനുവദിക്കുന്നതിന് വേണ്ടിയുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഉൾപ്പെടുകയും ചെയ്യുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 7.1036 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, വാഹന മെയിന്റനൻസ്, പി.ഒ.എൽ. എന്നീ ഇനങ്ങളിലായി മൊത്തം 28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 30

3054-80-001-98—മേൽനോട്ടം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ അലവൻസുകളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ചിട്ടുള്ള 5.2911 കോടി രൂപയ്ക്ക് പുറമെ യാത്രാചെലവ്, ഓഫീസ് ചെലവ്, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും പി.ഒ.എൽ. എന്നീ ഇനങ്ങളിൽ 17 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 31

3054-80-001-97—നിർവ്വഹണം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടേയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള 2 മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2011-12-ലേക്ക്

വകയിരുത്തിയിരിക്കുന്ന 122.597 കോടി രൂപയ്ക്ക് പുറമെ ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങൾ, മറ്റു ചെലവുകൾ, മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് എന്നീ ഇനങ്ങളിൽ മൊത്തം 93 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും പുതിയ കാറുകൾ വാങ്ങുന്നതിന് 3 കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

### ശുപാർശ നമ്പർ 32

3054-80-004-99—കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക ചീഫ് എഞ്ചിനീയർ ഡ്രിക് (ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ) ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിലും പരിഷ്ക്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നു. പ്രസ്തുത ശീർഷകത്തിലേക്ക് കറന്റ് ചാർജ്ജിന് 50,000 രൂപയും ഓഫീസ് ചെലവുകൾക്ക് 2 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്നും മോട്ടോർ വാഹനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക 1,50,000 രൂപയായും പ്ലാൻ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക ആയ 15 ലക്ഷം രൂപ 30 ലക്ഷം രൂപയായും വർദ്ധിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

### ശുപാർശ നമ്പർ 33

3054-80-004-98—പബ്ലിക് വർക്ക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിൽ ജീവനക്കാരുടെ ശമ്പളവും അലവൻസുകൾക്കുമായി 3.6777 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മോട്ടോർ വാഹനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന 10,000 രൂപ 50,000 രൂപയായി ഉയർത്തണമെന്നും പി.ഒ.എൽ.-ന് 40,000 രൂപയും ഓഫീസ് ചെലവിന് 1 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 34

3054-80-004-96—പുതിയ പദ്ധതികളുടെ പ്രായോഗിക ക്ഷമതാപഠനം

പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളെ കുറിച്ച് വിശദമായി പഠനം നടത്തുന്നതിന് ഈ സാമ്പത്തിക വർഷം 1.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 8.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 35

3054-80-004-94—വിവിധ തന്ത്രപ്രധാനമായ പഠനങ്ങൾ
(ലോക ബാങ്ക് സഹായമുള്ള പദ്ധതി)

സംസ്ഥാന രാജപാതകളുടേയും പ്രധാന ജില്ലാ റോഡുകളുടേയും വികസനത്തിനായി അവയുടെ പണികൾ മുൻഗണന അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനുവേണ്ടി ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിനുവേണ്ടിയുള്ള ഈ ശീർഷകത്തിൽ യാതൊരു തുകയും അനുവദിച്ചിട്ടില്ല. പ്രസ്തുത ശീർഷകത്തിലേക്ക് 25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 36

3054-80-052-98—റോഡുകളും പാലങ്ങളും—യന്ത്രോപകരണങ്ങൾ

റോഡുകളും പാലങ്ങളും വിഭാഗത്തിലെ റോഡ് റോളറുകൾ തുടങ്ങിയ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്ന 25 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 37

3054-80-107-97—റെയിൽവേ സുരക്ഷിതത്വ പണികൾ

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള തുക ഈ ശീർഷകത്തിലാണ് ഉൾപ്പെടുന്നത്.

റെയിൽവേയ്ക്ക് നൽകേണ്ട കുടിശ്ശിക 2.50 കോടി രൂപ ഉണ്ടെങ്കിലും ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 2.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 38

3054-80-800-94-(03)—ട്രാഫിക് സൈൻ ബോർഡുകൾ

വാഹന ഗതാഗതത്തിനായി സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും 1.23 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 80 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 39

3054-80-800-92—കേരള റോഡ് ഫണ്ട്

മുന്നാണ്ടത്തെ സംസ്ഥാന മോട്ടോർ നികുതി വരവിന്റെ 10%-ന് തുല്യമായ തുക ഓരോ വർഷവും കേരള റോഡ് ഫണ്ടിൽ സർക്കാർ സംഭാവന ഇനത്തിൽ നിക്ഷേപിക്കേണ്ടതാണ്. ഇത് കുറഞ്ഞത് 25% ആയി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 98.682 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. 2010-11 വർഷം ടാക്സ് വരുമാനം കണക്കാക്കി 158.54 കോടി രൂപ അധികമായി നടപ്പു സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചുനൽകിയില്ല.

ശുപാർശ നമ്പർ 40

3054-80-800-95—റോഡ് സുരക്ഷിതത്വ പണികൾ

റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വ ചാനലുകൾ മുതലായവ നിർമ്മിക്കുന്നതിനുവേണ്ടി 4.12 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക തീരെ അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 41

4059-01-051-99—പൊതുമരാമത്ത്

സംസ്ഥാന നിയമസഭയുടെ ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയ പരിഷ്ക്കരണ ജോലികൾക്കായി 12 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത ശീർഷകത്തിലേക്ക് 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 42

4059-01-051-99—പൊതുമരാമത്ത് മൂലധനചെലവ്, സംസ്ഥാന നിയമസഭ

നിയമസഭാ സമുച്ചയത്തിലെ ചില്ലിംഗ് പ്ലാന്റ് മാറ്റിസ്ഥാപിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള 3.25 കോടി രൂപയുടെ പണികൾ ചെയ്യുന്നതിനും നിയമസഭാ ഹാളിനകത്തുള്ള ഇലക്ട്രോണിക് സിസ്റ്റം മാറ്റി സ്ഥാപിക്കുന്നതിനും ആയി ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം 4 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 43

4059-01-051-98—പൊതുമരാമത്ത് മൂലധന ചെലവ്, നീതിന്യായ നിർവ്വഹണം

കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ 5.25 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പൂർത്തിയായ കൊട്ടാരക്കര, ശാസ്താംകോട്ട കോംപ്ലക്സുകളുടെ കൊടുത്തുതീർക്കാൻ ബാക്കിയുള്ള പേമെന്റ്, പണി പുരോഗമിക്കുന്ന എറണാകുളം കോർട്ട് കോംപ്ലക്സ്, ആലപ്പുഴ കോടതിയുടെ 'എ' ബ്ലോക്ക് എന്നിയുടെ ചെലവ്, വിവിധ കോടതി കെട്ടിടങ്ങളുടെ നിർമ്മാണം ഏറ്റെടുക്കൽ എന്നിവയുള്ളതിനാലും കേന്ദ്ര സഹായമായി ഒരു നിശ്ചിത തുക മാത്രമാണ് ലഭിക്കുന്നത് എന്നുള്ളതിനാലും പ്രസ്തുത ശീർഷകത്തിലേക്ക് 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 44

4059-01-051-97—പൊതുമരാമത്ത് മൂലധനചെലവ്, ഇലക്ഷൻ

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ 1 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത മന്ദിരം

നിർമ്മിക്കുന്നതിന് സ്ഥലം അലോട്ട് ചെയ്ത് നിർദ്ദിഷ്ട ജോലിക്ക് ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് അധിക തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 45

4059-01-051-96—പൊതുമരാമത്ത് മൂലധനചെലവ്, ഭൂനികുതി

ഭൂനികുതി വകുപ്പിലെ പണികൾക്കായി 2011-12 വർഷത്തേക്ക് 65 ലക്ഷം രൂപ യാണ് വകയിരുത്തിയിട്ടുള്ളത്. നടപ്പുവർഷം 25 വില്ലേജാഫീസുകളുടെ കെട്ടിടനിർമ്മാണ ത്തിനും നവീകരണത്തിനുമായി ആകെ 1.95 കോടി രൂപ മതിപ്പു ചെലവുവരുന്ന പണികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ പല ഓഫീസുകളുടേയും പണികൾ ഇനിയും ബാക്കിയുണ്ട്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 46

4059-01-051-95—പൊതുമരാമത്ത് മൂലധനചെലവ്, മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

രജിസ്ടേഷൻ വകുപ്പിലെ മരാമത്ത് പണികൾക്കായി 2011-12 വർഷത്തേക്ക് 97.50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 23 രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടത്തിന് 9.0969 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതിനാലും പല പണികളും പുരോഗതിയിലായതിനാലും 3 കോടി രൂപ കൂടി ഈ ശീർഷകത്തിലേക്ക് അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 47

4059-01-051-94—പൊതുമരാമത്ത് മൂലധന ചെലവ്, സ്റ്റേറ്റ് എക്സൈസ്

എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ വിവിധ പണികൾക്കായി 2011-12 സാമ്പത്തിക വർഷത്തിൽ 90 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പല മേജർ പണികളും പൂർത്തിയാക്കാനുള്ളതിനാൽ 3 കോടി രൂപ കൂടി ഈ ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 48

4059-01-051-93—പൊതുമരാമത്ത് മൂലധന ചെലവ്, വിൽപ്പന നികുതി

വാണിജ്യ നികുതി വകുപ്പിന്റെ പണികൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 86.60 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 2.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 49

4059-01-051-92—പൊതുമരാമത്ത് മൂലധന ചെലവ്, പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി 2011-12 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള 20 ലക്ഷം രൂപ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നതിനാലും ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാലും പ്രസ്തുത ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 50

4059-01-051-91—പൊതുമരാമത്ത് മൂലധന ചെലവ്, സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്

നടപ്പു സാമ്പത്തിക വർഷത്തേക്ക് 1 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 48 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ ആരംഭിക്കേണ്ടതുകൊണ്ട് പ്രസ്തുത ശീർഷകത്തിലേക്ക് 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 51

4059-01-051-90—പൊതുമരാമത്ത് മൂലധന ചെലവ്, ട്രഷറിയും അക്കൗണ്ട് ഭരണവും

സംസ്ഥാനത്തെ ട്രഷറികളുടെ നിർമ്മാണത്തിനായി നടപ്പു സാമ്പത്തിക വർഷം 2 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നെങ്കിലും 9.50 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 75 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 52

4059-01-051-89—പൊതുമരാമത്ത് മൂലധന ചെലവ് (പോലീസ്)

പോലീസ് വകുപ്പിലെ വിവിധ ഓഫീസുകളുടെ പണികൾക്കായി 3.20 ലക്ഷം രൂപ യാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക വളരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശുപാർശ നമ്പർ 53

4059-01-059-88—പൊതുമരാമത്ത് മൂലധന ചെലവ് (ജയിലുകൾ)

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണം കൂടി ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 9 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത ശീർഷകത്തിലേക്ക് 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 54

4059-01-059-87—പൊതുമരാമത്ത് മൂലധന ചെലവ് (പ്രിന്റിംഗ്)

സ്റ്റേഷനറി, അച്ചടി വകുപ്പിന്റെ പണികൾക്കായി വകയിരുത്തിയിട്ടുള്ള 2.50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 55

4059-01-051-86—പൊതുമരാമത്ത് മൂലധന ചെലവ്, സിവിൽ പണികൾ

പൊതുമരാമത്ത് സിവിൽ ജോലികൾക്കായി നടപ്പു സാമ്പത്തിക വർഷം 8.4866 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. അടങ്കലിലുള്ള സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കും 160.60 കോടി രൂപയുടെ ഭരണാനുമതി

ലഭിച്ചിട്ടുള്ള 55 പണികൾക്കും പുരോഗതിയിലിരിക്കുന്ന മറ്റ് പല പണികൾക്കും ആയി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 20 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 56

4059-01-051-84—പൊതുമരാമത്ത് മൂലധന ചെലവ്, പൊതുജനാരോഗ്യം

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട നിർമ്മാണത്തിനുവേണ്ടി ആരംഭിച്ചിട്ടുള്ള ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. ഡയറക്ടറേറ്റ്, ജില്ലാ മെഡിക്കൽ ഓഫീസുകൾ എന്നിവയുടെ പണികൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 57

4059-01-051-82—പൊതുമരാമത്ത് മൂലധന ചെലവ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

നടപ്പു സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിരിക്കുന്ന തുകയായ 45 ലക്ഷം രൂപ പരിമിതമായതിനാൽ ഈ ശീർഷകത്തിലേക്ക് 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 58

4059-01-051-71—പൊതുമരാമത്ത് മൂലധന ചെലവ്, മരാമത്ത് പണികൾ

മാന്ദ്യവിരുദ്ധ പാക്കേജിലെ പണികൾക്കായി 175 കോടി രൂപയാണ് നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മാന്ദ്യവിരുദ്ധ പാക്കേജിലെ പണികൾ പുരോഗമിക്കുന്നതിനാലും എല്ലാ വകുപ്പുകളുടേയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്നതിനാലും ഈ ശീർഷകത്തിലേക്ക് 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 59

4059-60-051-98—പൊതുമരാമത്ത് മൂലധന ചെലവ്, നീതിന്യായം

കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് നടപ്പുസാമ്പത്തിക വർഷം 8.2372 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേന്ദ്രസഹായമുള്ള ഈ ശീർഷകത്തിൽ പ്രസ്തുത തുക ലഭിക്കുന്നതുവരെ സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് തുക അനുവദിക്കുന്നത്. വിവിധ കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിലേക്ക് 10 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 60

4059-60-051-86—പൊതുമരാമത്ത് മൂലധന ചെലവ്, പൊതുമരാമത്ത് പണികൾ

സംസ്ഥാനത്തെ വിവിധ റസ്റ്റ് ഹൗസുകളുടേയും മറ്റു കെട്ടിടങ്ങളുടേയും പണികൾക്ക് നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ഈ ശീർഷകത്തിലേക്ക് 4 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 61

4059-60-051-85—പൊതുമരാമത്ത് മൂലധന ചെലവ്, അഗ്നിപ്രതിരോധവും നിയന്ത്രണവും

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി ഈ സാമ്പത്തിക വർഷം 2.868 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നടപ്പു പണികൾക്കും പുതിയ ജോലി കൾക്കുമായി 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 62

4059-60-051-84—പൊതുജനാരോഗ്യം

പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകുന്ന പ്രവൃത്തികൾക്ക് 2011-12-ൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ഈ ഹെഡിൽ 2.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 63

4059-60-051-77—പൊതുമരാമത്ത് മൂലധന ചെലവ്, നിയമസഭാ സാമാജികർക്കു വേണ്ടി ഫ്ളാറ്റ് നിർമ്മാണം

നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിലേക്ക് 82.37 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പുതിയ പണികൾക്കും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിലേക്ക് 2.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 64

4059-80-051-79—പൊതുമരാമത്ത് മൂലധന ചെലവ്, ജൻഡർ ബഡ്ജറ്റിംഗ്

2011-12 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 1.2356 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഭരണാനുമതി കൊടുത്ത പണികൾ തീർക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 65

4059-80-051-78—പൊതുമരാമത്ത് മൂലധന ചെലവ്, സൈനിക സ്കൂൾ

സൈനിക സ്കൂളിനായി ആരംഭിച്ചിട്ടുള്ള ഈ ശീർഷകത്തിൽ 1.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പണികൾ ആരംഭിക്കുന്നതിന് 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 67

5054-01-337-98—നാഷണൽ ഹൈവേകൾ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന ഭാഗത്തിന്റെ വികസനം

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 12.36 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പുതിയ പണികൾക്കും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 68

5054-01-800-99—ദേശീയ പാതയിലേക്ക് ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 16.48 ലക്ഷം രൂപയ്ക്ക് പുറമെ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 69

5054-03-101-99—റോഡുകളും പാലങ്ങളും

സംസ്ഥാന രാജപാതകളിൽ വരുന്ന പാലങ്ങളുടേയും കലുങ്കുകളുടേയും നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണികൾക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന 4.4103 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 70

5054-03-337-98—റോഡുകളും പാലങ്ങളും—വികസനവും പരിഷ്ക്കരണവും

സംസ്ഥാന രാജപാതകളുടെ നിർമ്മാണം, വികസനം, പരിഷ്ക്കരണം മുതലായ പണികൾക്കായി 4.1186 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിലവിലുള്ള സംസ്ഥാന രാജപാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിന് ഈ ശീർഷകത്തിലേക്ക് 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 71

5054-03-337-95—ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

സംസ്ഥാന രാജപാതകളുടെ ഉപരിതല പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന 6.8864 കോടി രൂപയ്ക്ക് പുറമേ 35 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 72

5054-04-101-99—റോഡുകളും പാലങ്ങളും

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടേയും കലുങ്കുകളുടേയും നിർമ്മാണം, പരിഷ്ക്കരണം എന്നിവയ്ക്കായി 9.8847 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതിയ പണികൾക്ക് ഭരണാനുമതി നൽകാൻ 300 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 73

5054-04-101-86—റോഡുകളും പാലങ്ങളും, മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ

പാലങ്ങളുടെ വികസനത്തിനായി ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 75.6384 കോടി രൂപ അപര്യാപ്തമാണ്. പ്രസ്തുത ശീർഷകത്തിലേക്ക് 280 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 74

5054-04-337-98—റോഡുകളും പാലങ്ങളും—വികസനവും പരിഷ്കരണവും

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്ക്കരണം എന്നിവയ്ക്കുള്ള തുക ഉൾക്കൊള്ളുന്ന ഈ ശീർഷകത്തിൽ 49.4234 കോടി രൂപയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. പുതിയ ഭരണാനുമതി നൽകുന്നതിനായി 800 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 75

5054-04-337-92—മലയോര ഹൈവേ

മലയോര ഹൈവേക്കായി ഈ സാമ്പത്തിക വർഷം യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ആയതിനാൽ 2011-12 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ

100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. നബാർഡിന്റെ സെക്റ്ററൽ അലോക്കേഷനിൽ പൊതുമരാമത്ത് വകുപ്പിന്റെ മെച്ചപ്പെട്ട ഫണ്ട് വിനിയോഗം കണക്കിലെടുത്ത് കൂടുതൽ തുക ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ തലത്തിൽ നയപരമായ തീരുമാനം എടുക്കാത്തതിനാൽ സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു നൽകിയില്ല.

ശുപാർശ നമ്പർ 76

5054-04-337-91—റോഡുകളും പാലങ്ങളും, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്ക്കരണം

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡു നിർമ്മാണം, പരിഷ്ക്കരണം എന്നീ ജോലികൾക്കായി 1.5322 കോടി രൂപയാണ് ഈ വർഷം അനുവദിച്ചിട്ടുള്ളത്. പുതിയ ഭരണാനുമതി നൽകുന്നതിനായി ഈ ശീർഷക ത്തിലേക്ക് 100 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭരണാനുമതി നൽകിയ പണികളുടെ പുരോഗതി കുറവായതിനാൽ സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 77

5054-04-337-89—റോഡുകളും പാലങ്ങളും, ശബരിമല റോഡ് പ്രോജക്ട്

ശബരിമലയുടെ സമഗ്ര വികസനത്തിന് വേണ്ടിയുള്ള റോഡ് പണികൾക്കുവേണ്ടി ഈ ശീർഷകത്തിൽ 9.8847 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ മതിയായ തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലെ പദ്ധതികൾക്ക് ടെണ്ടർ അധിക അനുമതി ലഭിക്കാത്തതി നാൽ സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 78

5054-04-337-83—റോഡുകളും പാലങ്ങളും, മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ

പൊതുമരാമത്തിന് കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായി ഈ ശീർഷക ത്തിൽ 118.1023 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ ഇപ്പോൾ നടക്കുന്ന പണികൾക്കായി 750 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

<u>ശുപാർശ നമ്പർ 79</u>

5054-04-337-82—<u>റോഡുകളും പാലങ്ങളും, മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ-ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ യുള്ള അറ്റകുറ്റപ്പണികൾ</u>

ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾക്കായി 1.8528 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇപ്പോൾ നടക്കുന്ന പണികളുടെ ചെലവിലേക്കായി 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

<u>ശുപാർശ നമ്പർ 80</u>

5054-05-337-99—<u>പ്രധാന സംസ്ഥാനന്തര റോഡുകൾ</u>

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 82 ലക്ഷം രൂപ അപര്യാപ്ത മാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രധാന സംസ്ഥാനന്തര റോഡുക ളുമായി ബന്ധപ്പെട്ട് വരുന്ന <u>ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവ ദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

<u>ശുപാർശ നമ്പർ 81</u>

5054-05-337-95—<u>സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)</u>

<u>ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 36.99 കോടി രൂപ അപര്യാപ്തമായതി നാൽ 60 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചില്ല. സാങ്കേതിക കാരണങ്ങളാൽ ധനകാര്യ വകുപ്പിനു കുടിശ്ശിക കൊടുത്ത് തീർക്കാൻ സാധിച്ചില്ല.

<u>ശുപാർശ നമ്പർ 82</u>

5054-05-800-99—<u>സി.ആർ.എഫ്. റോഡുകളും പാലങ്ങളും (സാധാരണ വിഹിതം)</u>

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത് ഒരു ലക്ഷം രൂപയാണ്. ഈ തുക അപര്യാപ്തമായതിനാൽ <u>പ്രസ്തുത ശീർഷകത്തിലേക്ക് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചത് ചെലവഴിച്ചു.

ശുപാർശ നമ്പർ 83

5054-80-004-99—ഡ്രിക് ബോർഡിലെ കമ്പ്യൂട്ടർവൽക്കരണവും ശക്തിപ്പെടുത്തലും ആധുനികവൽക്കരണവും

പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനായി ഈ ശീർഷ കത്തിൽ 20 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്ത മായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 84

5054-80-800-82—പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ

പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തുന്നതിന് വേണ്ടി വകയിരുത്തിയിരിക്കുന്ന 80 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തു ന്നതിനാൽ ഈ ശീർഷകത്തിലേക്ക് 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 85

5054-80-800-81—റെയിൽവേ സുരക്ഷിതത്വ പണികൾ

റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണി കൾക്കായി 82.38 ലക്ഷം രൂപയാണ് ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേക്ക് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 86

5054-80-800-71—കൊച്ചിൻ സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണം

കൊച്ചിൻ സീപോർട്ട് എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായി 2011–12 സാമ്പത്തിക വർഷം 50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം അധിക തുക അനുവദിച്ചു.

ശുപാർശ നമ്പർ 87

5054-80-800-70—റോഡുകളും പാലങ്ങളും മുൻഗണനാ പ്രവൃത്തികൾ

2011-12 വർഷം മുൻഗണന നൽകി പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പണികൾക്ക് 125 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 500 കോടി രൂപയുടെയെങ്കിലും ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നതിനാൽ ഈ ശീർഷകത്തിലേക്ക് 375 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ പുതിയ ശീർഷകത്തിലെ പദ്ധതികളുടെ ഭരണാനുമതി 2011-12 വർഷത്തിന്റെ അവസാനം നൽകിയതിനാൽ ചിലവൊന്നും വന്നില്ല.

ശുപാർശ നമ്പർ 88

5054-80-800-69—റോഡുകളും പാലങ്ങളും റോഡ് പുനരുദ്ധാരണപദ്ധതി

അടുത്ത അഞ്ചു വർഷം കേരളത്തിലെ പ്രധാനപ്പെട്ട 1000 കി.മീ. റോഡുകളുടെ നിലവാരം ഉയർത്താൻ വേണ്ടിയുള്ള പുതിയ ശീർഷകത്തിൽ 200 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതി പ്രാരംഭ ഘട്ടത്തിൽ ആയതിനാൽ അനുവദിച്ച തുക മുഴുവൻ വിനിയോഗിക്കാൻ കഴിഞ്ഞില്ല.

## ധനാഭ്യർത്ഥന നമ്പർ XL—തുറമുഖങ്ങൾ

ശുപാർശ നമ്പർ 91

3051-02-001-99—പോർട്ട് ഡയറക്ടറേറ്റ്

തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി 1.366 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പുതുതായി അനുവദിച്ച കാറുകൾ, മോട്ടോർ സൈക്കിൾ എന്നിവയ്ക്ക് ഇന്ധനത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ 05-4 അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ നിത്യനിദാന ചെലവുകൾക്കായി 1 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അധികമായി 7.35 ലക്ഷം രൂപ SDG ആവശ്യപ്പെട്ടുവെങ്കിലും തുക ലഭ്യമായിട്ടില്ല.

ശുപാർശ നമ്പർ 92

3051-02-001-98—ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസ്, വിവിധ സർക്കിൾ/ഡിവിഷൻ/സബ്ഡിവിഷൻ ഇവയിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, യാത്രാ ബത്ത, കെട്ടിട നികുതി, അപ്രന്റീസ് ട്രെയിനികൾക്കുള്ള സ്റ്റൈപ്പന്റ്, പാർട്ട്ടൈം സ്വീപ്പർമാരുടെ വേതനം തുടങ്ങിയ ചെലവുകൾക്കായി ഈ കണക്കിനത്തിൽ 15.3925 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പുതിയ ശമ്പള പരിഷ്ക്കരണ ഉത്തരവ് വന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ 4.2875 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിക്കുന്നതിന് SDG-ൽ പ്രൊപ്പോസൽ സമർപ്പിച്ചതിനെ തുടർന്ന് 1000 രൂപ മാത്രമാണ് അനുവദിക്കപ്പെട്ടത്. ഈ ശീർഷകത്തിൽ 1,580.11 ലക്ഷം രൂപ 2011-12-ൽ ചെലവായിട്ടുണ്ട്.

ശുപാർശ നമ്പർ 93

3051-02-001-99—സെൻട്രൽ വർക്ക്ഷോപ്പും സ്റ്റോഴ്സ് ഓർഗനൈസേഷൻ സ്ഥാപിക്കുക

ഈ ശീർഷകത്തിൽ 1.003 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധികമായി 1.45 ലക്ഷം രൂപ SDG ആവശ്യപ്പെട്ടുവെങ്കിലും തുക ലഭ്യമായിട്ടില്ല.

ശുപാർശ നമ്പർ 94

3051-02-001-95—മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ

മാരിടൈം യൂണിവേഴ്സിറ്റി സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ കൊടുങ്ങല്ലൂരിൽ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു കാമ്പസ് സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2.95 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശയെ തുടർന്ന് 3,69,88,000 രൂപ ധന പുനർ വിനിയോഗം വഴി ലഭിച്ചു.

ശുപാർശ നമ്പർ 95

3051-02-001-94—മാരിടൈം ബോർഡ് രൂപീകരണം

കേരള മാരിടൈം ബോർഡ് സ്ഥാപിക്കുന്നതിന്റെ പ്രാഥമിക ചെലവുകൾക്കായി 5 ലക്ഷം രൂപ മാത്രമേ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളൂ. ഈ തുക അപര്യാപ്തമായതിനാൽ 10.95 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2.50 ലക്ഷം രൂപ ധന പുനർ വിനിയോഗം വഴി ലഭിച്ചു.

ശുപാർശ നമ്പർ 96

3051-02-005-98—വിഭവസമാഹരണത്തിനുവേണ്ടിയുള്ള നിക്ഷേപവും പ്രോത്സാഹനവും വിപണനവും

കേരളത്തിലെ തുറമുഖ വികസനത്തിന് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സമാഹരിക്കുന്നതിനായി സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും പരസ്യങ്ങൾ നൽകുന്നതിനുമായി 1 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 50 ലക്ഷം രൂപ മാത്രമേ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളൂ. ഇത് തികച്ചും അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അനുവദിച്ച 50 ലക്ഷം രൂപ പര്യാപ്തമായതിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 97

3051-02-101-99—പോർട്ട് ഡിപ്പാർട്ട്മെന്റ്

വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങളുടെ മരാമത്ത് അറ്റകുറ്റപ്പണികൾക്ക് വേണ്ടിയുള്ള ഈ ശീർഷകത്തിൽ 12.1 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അന്തരീക്ഷത്തിൽ ഉപ്പുരസം കൂടുതലുള്ളതിനാൽ കെട്ടിടങ്ങൾക്കെല്ലാം വാർഷിക അറ്റകുറ്റപ്പണികൾ ആവശ്യമാണ്. ഇതിലേക്കായി 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അധികമായി 5 ലക്ഷം രൂപ SDG വഴി ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ലഭ്യമായിട്ടില്ല.

### ശുപാർശ നമ്പർ 98

3051-02-101-98—ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മാണവും അറ്റകുറ്റപ്പണികളും

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തുറമുഖ വകുപ്പ് എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങൾ, ഗോഡൗണുകൾ, വിളക്കുമരങ്ങൾ മുതലായവയുടെ അറ്റകുറ്റപ്പണികൾക്കായി 2011-12 സാമ്പത്തിക വർഷത്തേക്കനുവദിച്ചിരിക്കുന്ന 42.35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 45.25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ആഫീസ് കെട്ടിടങ്ങളുടെയും മറ്റും അറ്റകുറ്റപ്പണികൾക്കായി അധികമായി 15 ലക്ഷം രൂപ SDG ആവശ്യപ്പെട്ടുവെങ്കിലും അനുവദിച്ചിട്ടില്ല. 2011-12-ൽ അനുവദിച്ച ഫണ്ടിൽ മുഴുവൻ തുകയ്ക്കും, ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കാത്തതിനാൽ 36.47 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്.

### ശുപാർശ നമ്പർ 99

3051-02-102-99—പോർട്ട് ഓഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും

ഈ ശീർഷകത്തിൽ 6.9981 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതുതായി വാങ്ങിയ മൂന്ന് കാറുകൾക്കും ഒരു മോട്ടോർ സൈക്കിളിനും ഇന്ധനചെലവിനും മെയിന്റനൻസിനുമായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ നിത്യനിദാന ചെലവുകൾക്കായി 2 ലക്ഷം രൂപ കൂടി 05-4 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തുക SDG യിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ലഭ്യമായിട്ടില്ല.

## ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിഭാഗം

### ശുപാർശ നമ്പർ 100

3051-02-103-96—മൺസൂണിന് മുൻപും പിൻപും ഉള്ള മണ്ണുമാന്തലിന്റെ നിരീക്ഷണം.

കേരളത്തിലെ വിവിധ ചെറുകിട ഇടത്തരം തുറമുഖങ്ങളിൽ മൺസൂണിന് മുമ്പും പിൻപും ഉള്ള മണ്ണുമാന്തലിനും സർവ്വേകൾക്കുമായി 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഉൾനാടൻ ജലപാതകളുടെ സർവ്വേ ജോലികൾ ഏറ്റെടുത്തിരിക്കുന്ന സാഹചര്യത്തിൽ 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഉൾനാടൻ ജലപാതകളുടെ സർവ്വേജോലികൾ ചാർജില്ലാതെ ചെയ്തു നൽകണമെന്ന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന സർക്കാർ പരിശോധിച്ചുവരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 101

3051-02-104-99—തീരദേശങ്ങളിൽ സുരക്ഷാ സംവിധാനങ്ങൾ നടപ്പാക്കുന്നതിന്

കേരളത്തിന്റെ കടൽത്തീര പ്രദേശങ്ങളിൽ തിരമാല, കാലാവസ്ഥ പഠനകേന്ദ്രം സ്ഥാപിക്കൽ, തുറമുഖ സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ, തുടങ്ങിയ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 4.45 കോടി രൂപ തീരെ അപര്യാപ്തമായതിനാൽ 3.812 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 102

3051-02-800-96—തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും വർദ്ധിപ്പിക്കൽ

തുറമുഖങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷിതത്വത്തിനുവേണ്ടി ഒരു സമിതി രൂപീകരിക്കുന്നതിനും സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 44 ലക്ഷം രൂപ മാത്രമേ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളൂ. ഈ തുക അപര്യാപ്തമായതിനാൽ 6 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തുറമുഖ തൊഴിലാളികളുടെ സുരക്ഷിതത്വവും ക്ഷേമവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി സുരക്ഷാ ഉപകരണങ്ങളായ ഹെൽമറ്റ്, കൈയുറകൾ, വർക്കിംഗ് ബൂട്ടുകൾ എന്നിവയും ക്ഷേമപ്രവർത്തനങ്ങളായ ആരോഗ്യ ഇൻഷ്വറൻസ്, വിദ്യാഭ്യാസ ധനസഹായം എന്നിവയും വനിതാതൊഴിലാളികളുടെ സൗകര്യത്തിനായി ബസ്സുകൾ വാങ്ങാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ ശീർഷകത്തിൽ അനുവദിച്ച 44 ലക്ഷം രൂപ പര്യാപ്തമായിരുന്നു. അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 103

5051-01-001-99—വിഴിഞ്ഞം ആഴക്കടൽ വികസനം, അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ

രാജ്യത്തിന്റെയും സംസ്ഥാനങ്ങളുടെയും വർദ്ധിച്ചുവരുന്ന കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റിന്റെ ആവശ്യം മുന്നിൽക്കണ്ട് വിഴിഞ്ഞത്ത് ഒരു ആഴക്കടൽ

തുറമുഖം തുടങ്ങാൻ സർക്കാർ നടപടി സ്വീകരിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റും ഒരുക്കുന്നതിനായി സർക്കാരിന്റെ ഉടമസ്ഥതയിൽ വിഴിഞ്ഞം അന്തർദ്ദേശീയ സീപോർട്ട് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിക്കുകയും, ആയതിന്റെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനായി 650 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 150 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് തീരെ അപര്യാപ്തമായതിനാൽ 505 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

രാജ്യത്തിന്റേയും സംസ്ഥാനത്തിന്റേയും വർദ്ധിച്ചുവരുന്ന കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റിന്റെ ആവശ്യം മുന്നിൽകണ്ട് വിഴിഞ്ഞത്ത് ഒരു ആഴക്കടൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖം തുടങ്ങാൻ സർക്കാർ നടപടികൾ സ്വീകരിച്ചിരിക്കുന്നു. ഈ പദ്ധതി പൊതുമേഖലാ പങ്കാളിത്തത്തോടുകൂടി നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ആവശ്യത്തിനായി സർക്കാരിന്റെ ഉടമസ്ഥതയിൽ വിഴിഞ്ഞം അന്തർദേശീയ സീപോർട്ട് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിക്കുകയും ആയതിന്റെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനായി 145 കോടി രൂപ വകയിരുത്തിയിരുന്നു. എസ്.ഡി.ജി. മുഖാന്തിരം 50 കോടി രൂപ ലഭിച്ചിരുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും 505 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. പുനർവിന്യാസം വഴി 2,84,97,000 രൂപ കൂടി ലഭിച്ചു.

ശുപാർശ നമ്പർ 104

5051-02-200-96—ചെറുകിട തുറമുഖങ്ങളിൽ ഡ്രഡ്ജിംഗ്-തുറമുഖ വകുപ്പ് (സംസ്ഥാന വിഭാഗം)

സംസ്ഥാന ഖജനാവിന് അധിക വരുമാനം സൃഷ്ടിക്കുന്നത് ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിയ്ക്കായുള്ള ശീർഷകത്തിൽ അനുവദിച്ച 3.5 കോടി രൂപ അപര്യാപ്തമായതിനാൽ 22.1 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ വൻതോതിലുള്ള മണ്ണുമാന്തലാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കയറ്റുമതി ത്വരിതപ്പെടുത്തുന്നതിലൂടെ സംസ്ഥാന ഖജനാവിന് അധികവരുമാനം സൃഷ്ടിക്കുകയാണ് ലക്ഷ്യം. ഒരു ഡ്രഡ്ജർ വാങ്ങുന്നതിനും പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്. പുനർവിന്യാസംവഴി 96,86,000 രൂപ ലഭിച്ചു.

ശുപാർശ നമ്പർ 105

5051-02-200-94—തുറമുഖങ്ങൾ, ലൈറ്റ്ഹൗസ് എന്നിവയ്ക്കുള്ള മൂലധന ചെലവ്-അഴീക്കൽ തുറമുഖം

അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിൽ ഉൾപ്പെടുന്ന കാർഗോബർത്തിന്റെ നിർമ്മാണം, മറ്റു പ്രവൃത്തികളായ ട്രാൻസിറ്റ് ഷെഡിന്റെ നിർമ്മാണം, റോഡ്, യാർഡ് എന്നിവയുടെ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, യാർഡിന്റെ വൈദ്യുതീകരണം

എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ യാർഡ്, ട്രാൻസിറ്റ് ഷെഡ് എന്നിവയുടെ പ്രവൃത്തികൾക്ക് 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2011-12 വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 165 ലക്ഷം രൂപ അനുവദിച്ചിരുന്നു. കൂടാതെ ഒരു കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. എന്നാൽ അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 106

5051-02-200-91—ഗവേഷണവും വികസനവും

തുറമുഖ വകുപ്പിൽ വിവരസാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കൽ, കമ്പ്യൂട്ടറുകൾ വാങ്ങൽ, തുറമുഖവികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രചാരണ സാമഗ്രികൾ തയ്യാറാക്കൽ, പൊന്നാനി, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ മണൽ വാരുന്നതുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക പഠനം നടത്തൽ എന്നിവയ്ക്കായി 65 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക തീരെ കുറവായതിനാൽ 1.65 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തുറമുഖ വകുപ്പിൽ വിവരസാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കൽ, കമ്പ്യൂട്ടറുകൾ വാങ്ങൽ, പൊന്നാനി, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ മണൽ വാരുന്നതുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക പഠനം നടത്തുക, വേമ്പനാട് കായലിൽ ചാനൽ മാർക്കിംഗ് സ്ഥാപിക്കുക, മൂന്ന് ജില്ലകളിൽ രക്ഷാസന്നദ്ധ സേന രൂപീകരിക്കുക എന്നിവയ്ക്കായി 65 ലക്ഷം രൂപ അനുവദിച്ചിരുന്നു. സമിതിയുടെ ശുപാർശയെ തുടർന്ന് ധന പുനർവിന്യാസം വഴി 7,85,500 രൂപ ലഭിച്ചു.

ശുപാർശ നമ്പർ 107

5051-02-200-88—തുറമുഖങ്ങൾ, ഡ്രെഡ്ജിങ് യൂണിറ്റ് എന്നിവയ്ക്ക് ചില സപ്ലിമെന്ററി ഉപകരണങ്ങൾ വാങ്ങൽ

തുറമുഖങ്ങളുടെ ശേഷി മെച്ചപ്പെടുത്തി ഷിപ്പിംഗ് പ്രവർത്തനങ്ങൾ നടത്തുക, നിർത്തിവച്ചിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുക, വേമ്പനാട്ടുകായലിൽ ജലപാത സൂചിപ്പിക്കുന്ന ബോയകൾ സ്ഥാപിക്കുക എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 60 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 20.9 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 108

5051-02-200-87—യന്ത്രോപകരണങ്ങളുടേയും ഫ്ളോട്ടിംഗ് ക്രാഫ്റ്റുകളുടേയും പ്രധാന അറ്റകുറ്റപ്പണികൾക്കും പുതിയ ഉപകരണങ്ങൾക്കും

ഈ ശീർഷകത്തിൽ അനുവദിച്ച 40 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തുറമുഖ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഫ്ളോട്ടിംഗ് ക്രാഫ്റ്റുകൾ, ക്രെയിനുകൾ മറ്റ് ഉപകരണങ്ങൾ എന്നിവയുടെ കേടുപാടുകൾ തീർക്കുകയും അറ്റകുറ്റപ്പണികൾ നടത്തലുമാണ് ഈ സ്കീം കൊണ്ട് ഉദ്ദേശിക്കുന്നത്. അധികതുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 109

5051-02-200-86—തുറമുഖങ്ങളുടെ വികസനം

ഈ ശീർഷകത്തിൽ അനുവദിച്ച 1 കോടി രൂപ അപര്യാപ്തമായതിനാൽ 9.9 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഓഫീസ് കെട്ടിടങ്ങൾ, സിഗ്നൽ സ്റ്റേഷൻ, ലൈറ്റ് ഹൗസുകൾ എന്നിവയുടെ നവീകരണം, ഗോഡൗണുകളുടെ നിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ള വിതരണം, റോഡുവീതി കൂട്ടൽ, ചുറ്റുമതിൽ നിർമ്മാണം, ട്രാൻസിറ്റ് ഷെഡ്, ക്വാർട്ടേഴ്സ് ഗസ്റ്റ് ഹൗസ് എന്നിവയുടെ നിർമ്മാണം, കപ്പൽ തറയുടെ മോടി പിടിപ്പിക്കൽ, അറ്റകുറ്റപ്പണി തീർക്കൽ, തുറമുഖങ്ങളിൽ ഫെൻഡറുകളും അഗ്നിശമന സംവിധാനങ്ങളും സ്ഥാപിക്കൽ എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ. സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനപുനർവിന്യാസംവഴി 1,60,10,000 രൂപ ലഭിച്ചു.

ശുപാർശ നമ്പർ 110

5051-02-200-85—തെരഞ്ഞെടുത്ത തുറമുഖങ്ങളിൽ റോഡ്/റെയിൽ ബന്ധം സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ

അഴീക്കൽ, ബേപ്പൂർ, കൊല്ലം, തുറമുഖ പരിധിയിൽ ആവശ്യമനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് വകയിരുത്തിയ 3 കോടി രൂപ അപര്യാപ്തമായതിനാൽ 3.28 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഴീക്കൽ, ബേപ്പൂർ, കൊല്ലം, തുറമുഖ പരിധിയിൽ ആവശ്യമനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. അധികതുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 111

5051-02-200-84—ബേപ്പൂർ തുറമുഖത്തെ പാസഞ്ചർ ടെർമിനൽ

9 മീറ്റർ ആഴമുള്ള, 12000 ഡി.ഡബ്ല്യു.റ്റി. ഭാരവഹന ശേഷിയുള്ള കപ്പലുകൾ അടുക്കാൻ സാധിക്കുന്ന, എല്ലാ കാലാവസ്ഥയിലും പ്രവർത്തനനിരതമായ തുറമുഖമായി ബേപ്പൂർ തുറമുഖത്തെ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 40 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

9 മീറ്റർ ആഴമുള്ള 12000 ഡി.ഡബ്ല്യു.റ്റി. ഭാരവാഹകശേഷിയുള്ള കപ്പലുകൾ അടുപ്പിക്കുവാൻ സാധിക്കുന്നതും എല്ലാ കാലാവസ്ഥയിലും പ്രവർത്തനനിരതവുമായ തുറമുഖമായി ബേപ്പൂർ തുറമുഖത്തെ വികസിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 112

5051-02-200-82—വിഴിഞ്ഞം കാർഗോ തുറമുഖം

റെയിൽ മൗണ്ട് ക്രെയിൻ, ചുറ്റുമതിൽ, ട്രാൻസിറ്റ് ഷെഡ് എന്നിവ നിർമ്മിക്കുന്നതിനും ഫോർക്ക് ലിഫ്റ്റ്, ഫൈബർഗ്ലാസ് പൈലറ്റ് ലോഞ്ച് എന്നിവ വാങ്ങുന്നതിനുമായി വകയിരുത്തിയിട്ടുള്ള 70 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റെയിൽ മൗണ്ട് ക്രെയിൻ, ചുറ്റുമതിൽ, ട്രാൻസിറ്റ് ഷെഡ് എന്നിവ നിർമ്മിക്കുകയും ഫോർക്ക് ലിഫ്റ്റ്, ഫൈബർഗ്ലാസ് പൈലറ്റ് ലോഞ്ച് എന്നിവ വാങ്ങുകയും കപ്പൽ തുറ മോടിപിടിപ്പിക്കുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 113

5051-02-200-81—തങ്കശ്ശേരി കാർഗോ തുറമുഖം

ഈ ശീർഷകത്തിൽ അനുവദിച്ച 1.76 കോടി രൂപ തീരെ അപര്യാപ്തമായതിനാൽ 11 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ പദ്ധതി ലക്ഷ്യമിടുന്ന പ്രധാന പ്രവർത്തനങ്ങൾ 40 റ്റി വിവിധോദ്ദേശ്യ ക്രെയിനുകൾ 10 റ്റി കണ്ടെയ്നർ ഹാൻഡിലിംഗ് ഫോർക്ക് ലിഫ്റ്റ്, വേബ്രിഡ്ജ് യാർഡിന്റെ വികസനം, കസ്റ്റംസ് ഉദ്യോഗസ്ഥരുടെ ഇലക്ട്രോണിക് ഡാറ്റ ഇന്റർ ചെയ്ഞ്ച് സർവ്വീസ് സെന്ററിന് കെട്ടിടം നിർമ്മിക്കൽ, ജലശുചീകരണ സൗകര്യങ്ങൾ,

പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കൽ, 600 എച്ച്.പി.ഇ. ടഗ്ഗിന്റെ നിർമ്മാണം തുടങ്ങിയവയാണ്. സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1,29,48,000 രൂപ പുനർവിന്യാസംവഴി ലഭിച്ചു.

ശുപാർശ നമ്പർ 114

5051-02-200-80—ആലപ്പുഴ തുറമുഖ വികസനം

ആലപ്പുഴ തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയ 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബ്രേക്ക് വാട്ടർ സംവിധാനങ്ങളുടെ നിർമ്മാണം, വൈദ്യുതിയും ജലവും ലഭ്യമാക്കൽ, റോഡുകളുമായി ബന്ധിക്കൽ, മണ്ണുമാന്തൽ, പിയർ നന്നാക്കൽ എന്നീ പ്രവർത്തനങ്ങൾക്കുള്ള പ്രത്യേക ഉദ്ദേശ്യ വാഹനങ്ങൾ (എസ്.പി.വി.)ക്കായി കമ്പനി ഓഹരികൾ പോർട്ട് ഡിപ്പാർട്ട്മെന്റ് പരിഗണിക്കുന്നു. ഈ വർക്കുകൾ ചെയ്യുന്നതിനാവശ്യമായ കൺസൾട്ടൻസി ചാർജ്ജ് ഇതിൽ അടങ്ങിയിരിക്കുന്നു. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 115

5051-02-200-79—പൊന്നാനി തുറമുഖ വികസനം

ഓഫീസ് കെട്ടിടത്തിന്റെയും ചുറ്റുമതിലിന്റെയും നിർമ്മാണത്തിനും തുറമുഖ വികസനത്തിനായി രൂപീകരിക്കുന്ന എസ്.പി.വി.യുടെ ഓഹരി പങ്കാളിത്തത്തിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 80 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പൊന്നാനി തുറമുഖ വികസനം മലബാർ പോർട്ടിനെ ഏൽപ്പിച്ചിരിക്കുന്നതിനാൽ സർക്കാർ തലത്തിൽ തുക ചെലവഴിച്ചിട്ടില്ല. അധിക തുകയുടെ ആവശ്യം വന്നില്ല.

ശുപാർശ നമ്പർ 116

5051-02-200-78—വിഴിഞ്ഞം കാർഗോ ഹാർബർ

2011-12 വർഷത്തെ ബഡ്ജറ്റിൽ വിഴിഞ്ഞം കാർഗോ ഹാർബറിന്റെ നിർമ്മാണം, വിഴിഞ്ഞം പോർട്ടിലെ ട്രാൻസിറ്റ് ഷെഡ് തുടങ്ങിയ പ്രവർത്തികൾക്കായി അനുവദിച്ചിരിക്കുന്ന 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 1.20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ തുകയൊന്നും ചെലവഴിക്കുവാൻ കഴിഞ്ഞില്ല. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 117

5051-02-200-77—ആലപ്പുഴ തുറമുഖ വികസനം

ആലപ്പുഴ തുറമുഖത്തിന്റെ വികസനത്തിനായുള്ള ഈ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈയിനത്തിൽ 1 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആലപ്പുഴ തുറമുഖം Marina ആയി പി.പി.പി. മാതൃകയിൽ വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനമാകാത്തതിനാൽ കമ്മിറ്റി ശുപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 118

5051-02-200-75—പൊന്നാനി തുറമുഖ വികസനം

പൊന്നാനി തുറമുഖ വികസനത്തിനായി നടപ്പുസാമ്പത്തിക വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈയിനത്തിൽ 1 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പൊന്നാനി തുറമുഖ വികസനം മലബാർ പോർട്ടിനെ ഏൽപ്പിച്ചിരിക്കുന്നതിനാൽ സർക്കർതലത്തിൽ തുക ചെലവഴിക്കേണ്ടതില്ലാത്തതിനാൽ അധിക തുക ആവശ്യം വന്നില്ല.

ശുപാർശ നമ്പർ 119

5051-80-001-99—തുറമുഖ ഡയറക്ടറേറ്റിനുള്ള കെട്ടിടം പണിയുന്നതിന്

ഈ ശീർഷകത്തിൽ അനുവദിച്ച 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 70 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പുനർവിന്യാസംവഴി 1,64,00,000 രൂപ അനുവദിച്ചു.

ശുപാർശ നമ്പർ 120

5051-80-800-98—പണിശാല സ്ഥാപിക്കലും സംഭരണശാലകൾ സ്ഥാപിക്കലും

നീണ്ടകര, കോഴിക്കോട് എന്നിവിടങ്ങളിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകളുടെ ആവശ്യമനുസരിച്ച് സ്റ്റോർ സാധനങ്ങൾ ശേഖരിക്കുന്നതിനും നീണ്ടകരയിൽ ഒരു സ്ലിപ് വേ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക കമ്മിറ്റി ശുപാർശ ചെയ്തിരുന്നുവെങ്കിലും ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 121

5051-80-800-91—ഇലക്ട്രോണിക് ഉപകരണങ്ങൾ, സർവ്വേ ഉപകരണങ്ങൾ ഇവ വാങ്ങുന്നതിന്

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ റീ അപ്രോപ്രിയേഷൻവഴി 3,85,000 രൂപ അനുവദിച്ചു.

ശുപാർശ നമ്പർ 122

5051-80-800-86—പഴയ നിരീക്ഷണ കപ്പലുകൾക്ക് പകരം പുതിയവ വാങ്ങുന്നതിന്

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന്റെ കീഴിലുള്ള പഴയ നിരീക്ഷണ കപ്പലുകൾക്കുപകരം പുതിയവ വാങ്ങുന്നതിനും നിലവിലുള്ളവയുടെ ആധുനികവൽക്കരണത്തിനും ബഡ്ജറ്റിൽ 30 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പുതിയ കപ്പലിന്റെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നതിനാൽ ബാക്കി നൽകേണ്ട 60 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ റീ അപ്രോപ്രിയേഷൻവഴി 6,00,000 രൂപ അനുവദിച്ചു.

ശുപാർശ നമ്പർ 123

5051-80-800-75—നിരീക്ഷണ കപ്പലുകളുടെ നവീകരണം

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ബാക്കി തുകയായ 15 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 124

5051-80-800-62—തീരദേശ കപ്പൽ ഗതാഗത വികസനം

ഉപകരണങ്ങൾ സ്വന്തമാക്കുന്നതിലൂടെ കടൽത്തീര കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2 കോടി രൂപ അപര്യാപ്തമായതിനാൽ 4 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 125

കാസർഗോഡ്, ചെറുവത്തൂർ, മഞ്ചേശ്വരം തുറമുഖങ്ങളുടെ വികസനം

കാസർഗോഡ്, ചെറുവത്തൂർ, മഞ്ചേശ്വരം തുറമുഖങ്ങളുടെ വികസനത്തിനായി ബഡ്ജറ്റിൽ പ്രത്യേക ശീർഷകമില്ലാത്തതിനാൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രത്യേക ശീർഷകം അനുവദിച്ച് ഈയിനത്തിൽ 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കാസർഗോഡ്, ചെറുവത്തൂർ, മഞ്ചേശ്വരം തുറമുഖങ്ങളുടെ വികസനത്തിനായി ബജറ്റിൽ പ്രത്യേക ശീർഷകമില്ലാത്തതിനാൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. ആവശ്യപ്പെട്ട അധികതുക ലഭിച്ചില്ല.

ശുപാർശ നമ്പർ 126

തലശ്ശേരി തുറമുഖ വികസനം

തലശ്ശേരി തുറമുഖത്ത് ഒരു മറീന സ്ഥാപിക്കുന്നതിന് തുകയൊന്നും വകയിരുത്തി യിട്ടില്ല. പുതിയ ശീർഷകം തുടങ്ങി ഈയിനത്തിൽ 1 കോടി രൂപ അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ലഭിച്ചില്ല.

ശുപാർശ നമ്പർ 127

കേരള ഉൾനാടൻ യാന നിയമം, 2010-ന്റെ നിർവ്വഹണം

കേരള ഉൾനാടൻ യാന നിയമം, 2010 നടപ്പാക്കുന്നതിന് ആലപ്പുഴയിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും രക്ഷാസന്നദ്ധസേന രൂപീകരിക്കുന്നതിനും ഉൾനാടൻ ജലപാതകളിൽ 'ബോയ' സ്ഥാപിക്കുന്നതിനും തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രത്യേക ശീർഷകം തുടങ്ങി ഈയിനത്തിൽ 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ലഭിച്ചിട്ടില്ല.

ശുപാർശ നമ്പർ 128

കൊടുങ്ങല്ലൂർ തുറമുഖ വികസനം

കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖത്ത് സ്ലിപ് വേ സ്ഥാപിക്കുക, തീരദേശ രക്ഷയ്ക്ക് പട്രോൾ ബോട്ട് വാങ്ങുക, കാർഗോ തുറമുഖം സ്ഥാപിക്കുക, മറീന

സ്ഥാപിക്കുക എന്നിവയ്ക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പുതിയ ശീർഷകം തുടങ്ങി ഈയിനത്തിൽ 2.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ലഭിച്ചിട്ടില്ല.

## ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം

ശുപാർശ നമ്പർ 129

7055-00-190-99—കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

2011-12 ലേക്കുള്ള ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.ക്ക് 140 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഡീസൽ വില വർദ്ധനവ്, ഡി.എ. വർദ്ധനവ്, ശമ്പള പരിഷ്ക്കരണം മുതലായവമൂലം ഈ സാമ്പത്തികവർഷം അധികചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിലേക്ക് 300 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12 വർഷത്തെ ബജറ്റിൽ 140 കോടി രൂപ വകയിരുത്തിയതിനു പുറമെ, സർക്കാർ ഗ്രാന്റായി 32 കോടി രൂപ കൂടി കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ചിട്ടുണ്ട്. കൂടുതൽ വായ്പാ സഹായം ഈ സാമ്പത്തിക വർഷം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ വിഭവശേഷി വർദ്ധിക്കുകയാണെങ്കിൽ പരിഗണിക്കാവുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 130

5075-60-800-94—ഉൾനാടൻ ജലഗതാഗതം

കനാലുകളുടെ വശങ്ങൾ സംരക്ഷിക്കുന്നതിന് റീട്ടെയിനിംഗ് ഭിത്തികളുടെ നിർമ്മാണം, വെസ്സലുകൾക്ക് തടസ്സം കൂടാതെ കടന്നുവരുന്നതിന് ഡ്രെഡ്ജിംഗ്, ഡീസിൽറ്റിംഗ്, കടൽ ചണ്ടികൾ, മറ്റ് പാഴ്‌വസ്തുക്കൾ എന്നിവയുടെ ക്രമാനുഗതമായ നീക്കം ചെയ്യൽ, ഉൾനാടൻ ജലപാതയുടെയും കനാലുകളുടെയും ആധുനികവൽക്കരണവും പുരോഗമനപ്രവർത്തനവും, പുതിയ ജട്ടികളുടെ നിർമ്മാണവും ആധുനികവൽക്കരണവും എന്നീ പരിപാടികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 2.1301 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ ജോലികൾ കൂടാതെ 12-ാം ധനകാര്യ കമ്മീഷനിൽ ഏറ്റെടുത്തിരുന്നതും ഇനിയും പൂർത്തീകരിക്കാനുള്ള പണികൾക്കും പാർവ്വതീപുത്തനാറിന്റെ പടിഞ്ഞാറുവശത്തെ സംരക്ഷണഭിത്തിയുടെ നിർമ്മാണത്തിനുമായി ഈ ശീർഷകത്തിലേക്ക് 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ബഡ്ജറ്റ് പ്രൊവിഷനായ 2.1301 കോടി രൂപ കൂടാതെ 42.28 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുകയുണ്ടായി.

ശുപാർശ നമ്പർ 131

5075-60-800-89—ഉൾനാടൻ ജലഗതാഗതത്തിനായി നിലവിലുള്ള പ്രധാന കനാലുകളുടേയും കൈവഴികളുടേയും മെച്ചപ്പെടുത്തൽ 12-ാം ധനകാര്യ കമ്മീഷൻ അവാർഡ്

2010 മാർച്ച് 31-ന് അവസാനിച്ച ഈ പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിന് ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ നമ്പർ 132

5075-60-800-81—ആലപ്പുഴ കനാൽ ശുദ്ധീകരണ പദ്ധതി

ആലപ്പുഴ കനാൽ ശുദ്ധീകരണ പദ്ധതിയുടെ ടെണ്ടർ നടപടി സ്വീകരിക്കുന്നതിനും പാരിസ്ഥിതിക ആഘാതം സംബന്ധിച്ച് പഠനം നടത്തുന്നതിനുമായി ഈ സാമ്പത്തിക വർഷം 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 11.86 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുകയുണ്ടായി.

ശുപാർശ നമ്പർ 133

5056-00-190-99—ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ നിക്ഷേപങ്ങൾ

11-ാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ ജലഗതാഗത രംഗത്ത് വികസനവുമായി ബന്ധപ്പെട്ട് വിവിധ പരിപാടികളുമായി, വികേന്ദ്രീകരണത്തിലൂടെ കോർപ്പറേഷനെ മുന്നോട്ട് കൊണ്ടുപോകുന്നതിന് നടപ്പ് സാമ്പത്തികവർഷം 6 കോടി രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 14 കോടി രൂപ വർദ്ധിപ്പിച്ച് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ടി ശീർഷകത്തിൽ അധികതുക അനുവദിച്ചു കിട്ടിയില്ല.

ശുപാർശ നമ്പർ 134

5055-00-800-96—വേഗത നിയന്ത്രിക്കുന്നതിനുള്ള വയർലെസ്സ് സെറ്റുകളും കൈ റഡാറുകളും ആർജിക്കൽ

നടപ്പു സാമ്പത്തിക വർഷം കൈ റഡാറുകൾ, ഇന്റർസെപ്റ്ററുകൾ, സ്പീഡ് ക്യാമറകൾ തുടങ്ങിയവ വാങ്ങുന്നതിനും റഡാർ സർവലൻസ് സംവിധാനം സ്ഥാപിക്കുന്ന

തിനുമായി 1.5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നതിനാൽ ഈ ശീർഷകത്തിൽ മൊത്തം 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷം കൈ റഡാറുകൾ, ഇന്റർസെപ്റ്ററുകൾ തുടങ്ങിയവ വാങ്ങുന്നതിനും റഡാർ സർവലൻസ് സംവിധാനം സ്ഥാപിക്കുന്നതിനുമായി 1.5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ 7 റഡാറുകൾ വാങ്ങുന്ന തിനുള്ള ഭരണാനുമതി 20-9-2011-ലെ G.O.(Rt.)No. 416/2011/Trans നമ്പരായ സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ പ്രസ്തുത റഡാറുകൾ വാങ്ങുന്നതിനുള്ള ടെന്ററുകൾ ക്ഷണിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ റഡാർ സർവലൻസ് സംവിധാനത്തിനുള്ള 75 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള ഭരണാനുമതി 12-8-2011-ലെ G.O.(Rt.)No. 366/2011/Trans നമ്പരായ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി തുക പ്രസ്തുത പരിപാടിയുടെ നടത്തിപ്പുകാരായ കേരള സംസ്ഥാന ഐ.ടി. മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 135

5055-00-800-90—ഇ-ഗവേണൻസ് ഏർപ്പെടുത്തൽ

പ്രസ്തുത ശീർഷകത്തിലേക്ക് 50 ലക്ഷം രൂപയാണ് ഇപ്പോൾ വകയിരുത്തിയിട്ടുള്ളത്. വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം, കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും പരിപാലനം, ജീവനക്കാരുടെ പരിശീലനം തുടങ്ങിയ കാര്യങ്ങൾക്കായി ഈ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 2 കോടി രൂപ ആയി വർദ്ധിപ്പിച്ച് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വകുപ്പിന്റെ വിവിധ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കായി മൊത്തം 50 ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വകുപ്പിലെ എല്ലാ ഓഫീസുകളിലേയും രജിസ്റ്ററുകളുടെ ഡാറ്റ എൻട്രി തീർക്കുവാനായി 26-8-2011-ലെ G.O.(Rt.)No.386/2011/Trans നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ സ്ഥാപനവുമായുള്ള കരാർ 31-3-2012 വരെ നീട്ടിയിട്ടുണ്ട്. അതോടൊപ്പം തന്നെ വകുപ്പിന്റെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിക്കുന്ന ഇന്റർനെറ്റ് പ്രോട്ടോക്കോൾ (ഐ.പി.) ഫോൺ എന്ന സംവിധാനം ഏർപ്പെടുത്താൻവേണ്ടി ടെന്ററുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി സംവിധാനം ഏർപ്പെടുത്തുമ്പോൾ മോട്ടോർ വാഹന വകുപ്പിന്റെ ടെലിഫോൺ ഇനത്തിൽ നല്ലൊരു തുക ലാഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശുപാർശ നമ്പർ 136

5055-00-800-88—ഡ്രൈവർമാരുടെ പരിശീലന കേന്ദ്രം സ്ഥാപിക്കൽ
(70% കേന്ദ്രാവിഷ്കൃത പദ്ധതി)

മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഡ്രൈവർമാരുടെ പരിശീലനത്തിനുവേണ്ടി ആധുനിക രീതിയിൽ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ള പരിശീലന കേന്ദ്രത്തിന്റെ ജോലികൾക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഡ്രൈവർമാർക്കുവേണ്ടി ആധുനിക രീതിയിലുള്ള ഡ്രൈവിംഗ് പരിശീലന കേന്ദ്രം സ്ഥാപിക്കുവാനായി നടപ്പു സാമ്പത്തികവർഷം (2011-12) 33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുകയും കെട്ടിടം പണി പുരോഗമിക്കുകയും ചെയ്യുന്നു. പദ്ധതി ചെലവ് അധികരിച്ചതിനാലും കേന്ദ്ര സർക്കാർ അധിക ധനസഹായം നൽകില്ലെന്ന് അറിയിച്ചതിനാലും ടി കേന്ദ്രം പൂർത്തിയാക്കുന്നതിനായി ഏകദേശം 5.5 കോടി രൂപകൂടി വേണ്ടിവരും. പരിശീലന കേന്ദ്രത്തിന്റെ 12-12-2011-ൽ നടന്ന ഗവേണിംഗ് ബോഡി മീറ്റിംഗിൽ ടി സ്ഥാപനത്തിന്റെ നിർമ്മാണത്തിന് അധികമായി ആവശ്യംവരുന്ന 5.5 കോടി രൂപ കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ആവശ്യപ്പെടാം എന്നു തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ റോഡ് സുരക്ഷാ കമ്മീഷണറോട് പ്രസ്തുത തുക ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രത്തിന്റെ ആദ്യഗഡുവായ 99.5 ലക്ഷം രൂപ പൂർണ്ണമായി ചെലവഴിക്കുകയും ആയതിന്റെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് നൽകുകയും ചെയ്തിട്ടുണ്ട്. മിച്ചമുള്ള കേന്ദ്ര സഹായം ലഭിക്കുവാനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 33 ലക്ഷം രൂപ 8-2-2012 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 67/2012/ഗതാഗതം നമ്പർ ഉത്തരവുപ്രകാരം സൊസൈറ്റിക്ക് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച്, കേരള) കൈമാറുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 137

5055-00-800-86—മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളുടെ നവീകരണം

മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണത്തിനായി നടപ്പു സാമ്പത്തിക വർഷം 42 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 10 ചെക്ക്പോസ്റ്റുകളിൽ ഇലക്ട്രോണിക് വെയിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിനും 19 ചെക്ക്പോസ്റ്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും ഈ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 507 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളിൽ ഇലക്ട്രോണിക് വെയിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കാനായി നടപ്പ് സാമ്പത്തിക വർഷം 42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാസർഗോഡിലെ പെർള ചെക്ക്പോസ്റ്റിൽ ഒരു ഇലക്ട്രോണിക് വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനായുള്ള G.O. (Rt.) No. 319/2011/Trans സർക്കാർ ഉത്തരവ് 21-7-2011-ൽ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ ടെൻഡർ ക്ഷണിച്ചുവെങ്കിലും വേണ്ടത്ര പ്രതികരണ മുണ്ടാകാതിരുന്നതിനാൽ 14-2-2012-ലെ സ.ഉ.(സാധാ.) നമ്പർ 79/2012/ഗതാഗതം സർക്കാർ ഉത്തരവ് പ്രകാരം 40 ലക്ഷം രൂപയ്ക്ക് 2 പോർട്ടബിൾ വെയ്ബ്രിഡ്ജുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 138

5055-00-800-85—സ്ഥിരമായ ഡ്രൈവിംഗ് ടെസ്റ്റ് യാർഡ്

2011-12 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 42 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. ഏകീകൃതമായ മൂല്യനിർണ്ണയം നടത്തുന്നതിന് ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർവൽകൃത ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിലേക്ക് 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷം 42 ലക്ഷം രൂപ ടി പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കോഴിക്കോട് ചേവായൂരിൽ ആദ്യത്തെ യാർഡ് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. അതോടൊപ്പംതന്നെ കണ്ണൂരിലെ ഇളവായൂരിലും മറ്റൊരു യാർഡ് സ്ഥാപിക്കാനുള്ള നടപടികൾ എടുത്തുവരുന്നു. രണ്ട് കേന്ദ്രങ്ങളിലേക്കുമുള്ള ഭരണാനുമതി സർക്കാരിൽ നിന്നും 23-8-2011-ലെ G.O. (Rt.) No. 382/2011/Trans എന്ന ഉത്തരവ് പ്രകാരവും 20-9-2011-ലെ G.O.(Rt.)No. 417/2011/Trans എന്ന ഉത്തരവുപ്രകാരവും ലഭിച്ചിട്ടുണ്ട്. രണ്ടിടത്തും നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുകയും കമ്പ്യൂട്ടർവൽക്കരണത്തിനുള്ള ടെന്റർ നടപടികൾ പൂർത്തിയായിവരികയും ചെയ്യുന്നു.

ശുപാർശ നമ്പർ 140

5055-00-190-99—കെ.എസ്.ആർ.ടി.സി. പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ

നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 42 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കെ.എസ്.ആർ.ടിസി.യുടെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 1000 പുതിയ ബസ് വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 140 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കെ.എസ്.ആർ.ടി.സി.യുടെ നിക്ഷേപക ശീർഷകത്തിൽ 42 കോടി രൂപയ്ക്ക് പുറമെ അധിക തുക അനുവദിക്കാൻ സർക്കാരിന്റെ വിഭവശേഷി അനുവദിക്കുന്നില്ലെന്ന വിവരം ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 141

5053-02-190-97—കണ്ണൂർ വിമാനത്താവളത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

2011-12-ൽ ഈ ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കടം, പലിശ, ഗാരന്റി കമ്മീഷൻ ഇനത്തിൽ 85 കോടിയും അടിസ്ഥാന സൗകര്യങ്ങൾക്ക് 644.83 കോടി രൂപയും ചേർത്ത് 729.83 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും അധികവിഭവ ലഭ്യതയും കണക്കിലെടുത്താണ് ഓരോ പദ്ധതിക്കും വിഹിതം അനുവദിക്കുന്നത്. നടപ്പുവർഷം ആകെ 36.81 കോടി രൂപ കണ്ണൂർ വിമാനത്താവളത്തിന്റെ വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്.

കൂടുതൽ തുക ഈ സാമ്പത്തിക വർഷം അനുവദിക്കാൻ സംസ്ഥാനത്തിന്റെ വിഭവലഭ്യത അനുവദിക്കുകയില്ല.

ശുപാർശ നമ്പർ 142

3075-60-001-98—ഉൾനാടൻ ജലഗതാഗതം-മേൽനോട്ടം

സംസ്ഥാനത്ത് ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണത്തിനുള്ള തുക ഉൾപ്പെടുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 1.5870 കോടി രൂപയാണ് നടപ്പുസാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധികതുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ നമ്പർ 145

പൊതുശുപാർശ

ഗതാഗത വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഈ വകുപ്പിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിന്റെ കാലാനുസൃത പരിഷ്കരണം, പൊതുജനങ്ങൾക്കുതകുന്ന ഇ-പേമെന്റ്, ഓൺലൈൻ ആപ്ലിക്കേഷൻ, വെബ്-ഇനേബിൾഡ്

സർവീസ്സസ് തുടങ്ങിയ സേവനങ്ങൾ നൽകൽ, നിയമങ്ങളിലും ചട്ടങ്ങളിലും വരുന്ന മാറ്റങ്ങൾ അപ്പപ്പോൾ ഉൾപ്പെടുത്തൽ എന്നിവയ്ക്കായി ഒരു ഐ.ടി. കൺസൾട്ടന്റിന്റെ സേവനം സ്ഥിരമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മോട്ടോർ വാഹന വകുപ്പിൽ "Technical Advisor"-ടെ തസ്തിക 1-4-2002 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. മതിയായ യോഗ്യതകൾ ഉള്ള ഉദ്യോഗസ്ഥനെ കിട്ടാത്തതുകൊണ്ടാണ് ഈ ഒഴിവ് ഉണ്ടായത്. കമ്പ്യൂട്ടർവൽക്കരണം വകുപ്പിൽ പൂർണ്ണമായതോടെ നൂതനസാങ്കേതികവിദ്യ കാലാനുസൃതമായി മാറുന്നത് അനുസരിച്ച്, സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനും പഠനം നടത്തുന്നതിനുമായി കമ്പ്യൂട്ടർ അധിഷ്ഠിത യോഗ്യതയുള്ള ഒരു ഓഫീസറെതന്നെ ഈ തസ്തികയിൽ നിയമിക്കേണ്ട തുണ്ട്. എന്നാൽ മാത്രമേ ഈ ജോലികൾക്കുള്ള ശരിയായ നിയന്ത്രണവും മേൽനോട്ടവും ലഭിക്കുകയുള്ളൂ. ടെക്നിക്കൽ അഡ്വൈസറെ നിയമിക്കുന്നത് സംബന്ധിച്ച ഗതാഗത കമ്മീഷണറുടെ കത്തിന്മേൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭാഗം II

## പൊതുമരാമത്ത്

ശുപാർശ നമ്പർ 66

5054-01-052—റോഡുകളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ

ഈ ശീർഷകത്തിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. റോഡ് പണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ നമ്പർ 89

പൊതുശുപാർശ

സംസ്ഥാനത്തെ വിവിധ റോഡ് സുരക്ഷാ പദ്ധതികളുടെ ഭാഗമായുള്ള റോഡ് നവീകരണത്തിന് റോഡ് സുരക്ഷാ ഫണ്ടിൽനിന്നും പരമാവധി തുക കണ്ടെത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ നമ്പർ 90

5054-03 എന്ന ശീർഷകത്തിലെ 'സംസ്ഥാന രാജപാതകൾ' എന്ന വാക്കുകൾക്ക് പകരം ഭാവിയിൽ 'സംസ്ഥാന പാതകൾ' എന്ന് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ നമ്പർ 139

5055-00-800-84—ട്രക്ക് ടെർമിനൽ, കൊച്ചി

എറണാകുളത്ത് കളമശ്ശേരിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഇന്റഗ്രേറ്റഡ് ട്രക്ക് പാർക്കിംഗ് ഏരിയയുടെ നിർമ്മാണത്തിനായി 7 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഗതാഗതം

ശുപാർശ നമ്പർ 143

3075-60-800-96—കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിലേക്ക് 25.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾക്കായും സ്ഥലമെടുപ്പിനായും കേന്ദ്ര ഗവൺമെന്റ് പദ്ധതിക്ക് അംഗീകാരം നൽകുന്നമുറയ്ക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന 15% സംസ്ഥാന സർക്കാർ ഓഹരി കമ്പനിക്ക് നൽകുന്നതിനും മറ്റുമായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 200 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ നമ്പർ 144

3055-00-800-95—റോഡ് സുരക്ഷാ ഫണ്ട്

നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിലേക്ക് 15 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ദശവത്സര റോഡ് സുരക്ഷാ പദ്ധതിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ്, പോലീസ് വകുപ്പ്, കെൽട്രോൺ എന്നിവയ്ക്ക് അനുവദിക്കേണ്ട തുകയും കൂടുതൽ ഫണ്ട് ആവശ്യമായ മറ്റ് വിവിധ പദ്ധതികൾക്കുള്ള തുകയും ഈ ശീർഷകത്തിലാണ് ഉൾപ്പെടുന്നത്. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിലേക്ക് 90.0090 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,

തിരുവനന്തപുരം, *ചെയർമാൻ,*

2012 ജൂലൈ 17. *സബ്ജക്റ്റ് കമ്മിറ്റി V.*